# പ്രവചനങ്ങൾ

**കാവക്കോപ്പയിലെ**
കറപിടിച്ച ഗ്ലാസ്സിലൂടെ
മരുഭൂമിയിലെ
കൊടും ചൂടിനെ
സെൽഷ്യസിലൂടെ അളന്ന്
പ്രവചനം നടത്തുന്നവർ
കെട്ടിയിട്ട ഒട്ടകം
വഴിമാറി നടന്നതറിഞ്ഞിരുന്നില്ല.

കൊടുങ്കാറ്റും മഴയും വരുന്നതിന്റെ
സൂചനകളുയർത്തിയിരുന്നു
തണുത്ത ചില്ലുകൾക്കുള്ളിലെ
മഞ്ഞ വെളിച്ചങ്ങളുടെ
നേർത്ത ചിറകടിയൊച്ചകൾ.

ഒറ്റപ്പെട്ടൊരു വലിയ ചിരി
കൂട്ടച്ചിരികൾക്കിടയിൽ
പെട്ടെന്നായിരുന്നു.
കൂട്ടനിലവിളികളുണ്ടാകുന്നതും
റോഡുകൾ ഒലിച്ചുപോകുന്നതും
പാലങ്ങൾ പറന്നുപോകുന്നതും
എല്ലാം
വെറുമൊരു കാഴ്ചയായി കണ്ടവർ
ഒട്ടകം
കയറൂരിപ്പോയതറിയാതെ
നീളൻ വസ്ത്രക്കാർ
തണുത്ത ചില്ലുകൾക്കുള്ളിലെ
കാവയുടെ ചവർപ്പിൽ
സമ്മാന പ്രവചനങ്ങളുടെ
മഴ നനയുകയായിരുന്നു.

**ഉനൈസ് പുറക്കാട്**

# വസന്തം

**ദാഹവും മോഹവും**
ഏറെയുണ്ടെങ്കിലും
എല്ലാം നിനക്കു വേണ്ടി.
ഓരോ രാവും ഒരു വസന്തം
ആയിരം വസന്തങ്ങൾ
നിറഞ്ഞൊഴുകിയൊരു രാത്രി
അന്ത്യദശത്തിലൊന്നിൽ
ഒളിഞ്ഞിരിക്കുന്നല്ലോ.
പാപത്തിന്റെ മലകൾ
ഉരുകിയൊലിക്കും
വിശുദ്ധിയുടെ ആകാശം
നക്ഷത്രങ്ങളെ പെറ്റുകൂട്ടും.
പുലരുവോളവും
മാലാഖമാർ പെയ്തുകൊണ്ടിരിക്കും
കോടാനുകോടിയിലൊരു
കീടമായ ഞാനും
കേഴുന്നുണ്ടൊരു തുള്ളി വെളിച്ചത്തിന്

**പുത്തൂർ ഇബ്റാഹീം കുട്ടി**